പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 2071 | 06/02/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

## കുഷ്ഠരോഗ നിർമ്മാർജ്ജനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്യെന്ന് കരുതിയ കുഷ്ഠ രോഗം തിരിച്ചുവരുന്നതായി ആരോഗ്യവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | $^{1}/_{10000}$ നിരക്കിന് താഴെ മാത്രം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴാണ് രോഗം നിവാരണം ചെയ്യപ്പെട്ടതായി WHO പ്രഖ്യാപിക്കുന്നത്. പുതുതായി രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് $^{1}/_{10000}$ നിരക്കിനു മുകളിൽ അല്ല. |
| ബി) | ഇതിന്റെ വ്യാപനം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | ബി) | കുഷ്ഠരോഗത്തിന്റെ നിരക്ക് ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടുവരുന്നതിനും 2020 ഓടു കൂടി സുസ്ഥിര വികസന ലക്ഷ്യങ്ങളായ കുട്ടികളിലെ കുഷഠ രോഗത്തിന്റെ നിരക്ക് 1.17 / 10,00,000 ൽ നിന്നും 0.6 / 10,00,000 താഴെ കൊണ്ടുവരിക മുതിർന്നവരിൽ കുഷ്ഠരോഗം മൂലമുള്ള അംഗവൈകല്യം 1.2 / 10,00,000 ൽ നിന്നും 1 / 10,00,000 താഴെ കൊണ്ടുവരിക മുതലായവ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനതന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിപുലമായ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനവും സ്കൂൾ അംഗനവാടി സർവ്വേയും ജയിൽ സർവ്വെയും നടത്തി വരുന്നു. കൂടാതെ നഗര ചേരികളിലും തീരപ്രദേശത്തും ഗിരിവർഗ്ഗ മേഖലകളിലും താമസിക്കുന്ന വരെയും, ഒപ്പം പ്രീ |

| | | | |
|---|---|---|---|
| | | | മെടിക് ഹോസ്റ്റൽ, അനാഥാലയങ്ങൾ, ജയിൽ എന്നിവിടങ്ങളിൽ താമസിക്കുന്നവരെയും ഇതര സംസ്ഥാന തൊഴിലാളികളെയും രോഗപരിശോധനയ്ക്ക് വിധേയമാക്കുകയും വൈദ്യപരിശോധനാ ക്യാമ്പുകൾ, സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.<br>'അശ്വമേധം' ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ<br>കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുക എന്ന ലക്ഷ്യത്തോടെ 'അശ്വമേധം' ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ 2018 ഡിസംബർ 5 മുതൽ 18 വരെ നടത്തുകയുണ്ടായി . സമൂഹത്തിൽ മറഞ്ഞുകിടക്കുന്ന കുഷ്ഠരോഗ ബാധിതരെ കണ്ടുപിടിക്കുന്നതിനുള്ള ഈ ക്യാമ്പയിൻ കുട്ടികളിലെ കുഷ്ഠരോഗവും വൈകല്യങ്ങളോടു കൂടിയുള്ള കുഷ്ഠരോഗവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ട തിരുവനന്തപുരം എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് തുടങ്ങി 8 ജില്ലകളിലാണ് നടപ്പിലാക്കിയത്.<br>ഫോക്കസ്ഡ് ലെപ്രസി ക്യാമ്പയിൻ (എഫ്.എൽ.സി)<br>ഇതോടൊപ്പം തന്നെ 6 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, വയനാട്) ഫോക്കസ്ഡ് ലെപ്രസി ക്യാമ്പയിൻ (എഫ്. എൽ.സി) നടത്തുകയുണ്ടായി. വൈകല്യത്തോടു കൂടിയ കുഷ്ഠരോഗം റിപ്പോർട്ട് ചെയ്യപ്പെട്ട ബ്ലോക്കുകളിൽ മാത്രം നടത്തുന്ന ക്യാമ്പയിനാണ് എഫ്.എൽ.സി. ഈ ക്യാമ്പയിനിൽ രോഗം സ്ഥിരീകരിച്ച വ്യക്തിയുടെ താമസ സ്ഥലത്തിനു ചുറ്റുമുള്ള 300 വീടുകൾ ആരോഗ്യപ്രവർത്തകർ / ആശമാർ നേരിട്ട് സന്ദർശനം നടത്തി മറ്റാർക്കും രോഗമില്ല എന്ന് ഉറപ്പുവരുത്തുന്നു.<br>രോഗം ഗുരുതരമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പൊതുജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക തലങ്ങളിൽ പ്രശസ്തരായ വ്യക്തികളുടെ കുഷ്ഠരോഗത്തെപ്പറ്റിയുള്ള സന്ദേശങ്ങൾ വിവിധ ദൃശ്യമാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. ഇവ കൂടാതെ 'അശ്വമേധം' പരിപാടിയോടനുബന്ധിച്ച് കേരള ജനതയെ ആകർഷിക്കുന്ന വിവിധ കലാകായിക വിനോദങ്ങൾ സ്കിറ്റ്, ചിത്രരചന, ഗാനാലാപനം, എന്നിവയിലൂടെയും ചുവർചിത്ര രചനയിലൂടെയും , തെരുവു നാടകം, മാജിക് ഷോ എന്നിവയിലൂടെയും രോഗലക്ഷണങ്ങളും ആരംഭത്തിലെ ചികിത്സയുടെ പ്രാധാന്യം എന്നിവ ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനൊക്കെ പുറമേ, കുഷ്ഠരോഗലക്ഷണങ്ങളെയും ചികിത്സയെയും പറ്റി വിവരിക്കുന്ന ലഘുലേഖകൾ, കൈപ്പുസ്തകങ്ങൾ, ബിറ്റ് നോട്ടീസുകൾ, പോസ്റ്ററുകൾ എന്നിവ വിതരണം ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ